"ഭരണഭാഷ–മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം– 14

## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം
**(ഹാജർ: എസ്.വാഹിദ്)**

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് – ജീവനക്കാര്യം – ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള – സ്ഥലംമാറ്റം സ്ഥാനക്കയറ്റം ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

പരാമർശം:-1. പ്രിൻസിപ്പാൾ ഐ.ടി.ഐ. (വ) മെഴുവേലിയുടെ 27.11.12 ലെ എം1/393/2012 നമ്പർ കത്ത്.
2. പ്രിൻസിപ്പാൾ ഐ.ടി.ഐ. ഏറ്റുമാനൂരിന്റെ 10.12.12 ലെ എ3/3374/12 നമ്പർ കത്ത്.
3. പ്രിൻസിപ്പാൾ, ഐ.ടി.ഐ. കാസർഗോഡിന്റെ,25.01.13 ലെ കെ1/141/2013 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ: എ3/13106/12 തീയതി:05.02.2013

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിൽ ധനുവച്ചപുരം ഐ.ടി.ഐ. യിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. ഭുവനചന്ദ്രൻ.ആർ 31.01.13ന് സർവ്വീസിൽ നിന്നും വിരമിച്ചതുമൂലം : വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്.

ടി ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം ലഭിയ്ക്കുന്നതിനായി പരാമർശം (1) പ്രകാരം ഐ.ടി.ഐ. മെഴുവേലിയിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി.സിന്ധുലേഖ എസ്.പി. അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ടിയാളുടെ സ്ഥലംമാറ്റം മൂലം മെഴുവേലി ഐ.ടി.ഐ.യിലുണ്ടാകുന്ന ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം ലഭിയ്ക്കുന്നതിനായി പരാമർശം(2) പ്രകാരം ഏറ്റുമാനൂർ ഐ.ടി.ഐ. യിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി. തിൽഷദ് ബീഗം അപേക്ഷ സമർപ്പിച്ചിരിയ്ക്കുന്നു.

ടിയാൾക്കാരുടെ അപേക്ഷ പരിഗണിച്ച് ശ്രീമതി. സിന്ധുലേഖ എസ്.പി.യെ ധനുവച്ചപുരം ഐ.ടി.ഐ.യിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിലേയ്ക്കും, ശ്രീമതി. തിൽഷാദ് ബീഗം, ജൂനിയർ സൂപ്രണ്ടിനെ മെഴുവേലി (വ) ഐ.ടി.ഐ.യിൽ ശ്രീമതി. സിന്ധുലേഖ എസ്.പി.ജൂനിയർ സൂപ്രണ്ടിന് സ്ഥലം മാറ്റം നൽകിയതുമൂലമുണ്ടായ ഒഴിവിലേയ്ക്കുംസ്ഥലംമാറ്റം നല്കിനിയമിച്ച് ഉത്തരവാകുന്നു. തന്മൂലം ഏറ്റുമാനൂർ ഐ.ടി.ഐ.യിൽ ഉണ്ടാകുന്ന ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിലേയ്ക്ക് ആരും അപേക്ഷ സമർപ്പിച്ചിട്ടില്ല.

വികലാംഗ ജീവനക്കാരന്റെ ഭാര്യ എന്ന പരിഗണനയിൽ കാസർഗോഡ് ഐ.ടി.ഐ. യിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി. ജോതിലക്ഷ്മി ചെങ്ങന്നൂർ ഐ.ടി.ഐ.യിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി സൂചന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ചെങ്ങന്നൂർ ഐ.ടി.ഐ.യിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ. കെ.എച്ച് കാഷ്മിർ 3 വർഷം പൂർത്തിയാക്കാത്തതിനാൽ സ്ഥലംമാറ്റം നല്കുവാൻ നിർവാഹമില്ല. ആയതിനാൽ ശ്രീമതി. ജോതിലക്ഷമിയുടെ അപേക്ഷ പരിഗണിച്ച് ചെങ്ങന്നൂർ ഐ.ടി.ഐ.യിൽ നിന്നും അധികം ദൂരമില്ലാത്ത ഏറ്റുമാനൂർ ഐ.ടി.ഐ. യിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിൽ ശ്രീമതി. ജോതിലക്ഷ്മിയ്ക്ക് സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

സ്ഥലംമാറ്റം നൽകപ്പെട്ടശേഷം കാസർഗോഡ് ഐ.ടി.ഐ. യിലുണ്ടായ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിലേയ്ക്ക് ഹെഡ് ക്ലാർക്ക്മാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 161 ഉം, പ്രൊബേഷൻ ഡിക്ലയർ ചെയ്ത് സ്ഥാനക്കയറ്റത്തിന് അർഹയുമായ ശ്രീമതി. എ. സുലോചന, ഹെഡ് ക്ലാർക്കിനെ (കൊല്ലം (വ) ഐ.ടി.ഐ.) കെ.എസ്&എസ്എസ്ആർ ലെ പൊതുച്ചട്ടം 28(ബി) (ii) പ്രകാരം 16,180–29,180 രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നല്കി നിയമിച്ച് ഉത്തരവാകുന്നു.

ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥ 26.02.2011 ലെ ജി.ഒ(പി) നമ്പർ 85/2011/ഫിൻ പ്രകാരമുള്ള ഓപ്ഷൻ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ നൽകിയിരിക്കേണ്ടതാണ്.

സ്ഥലംമാറ്റം, സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും, വിടുതൽ ചെയ്യുന്നതും സേവ

നത്തിൽ പ്രവേശിപ്പിയ്ക്കുന്നതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്/-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :-1. പ്രിൻസിപ്പാൾ
ഐ.ടി.ഐ. ഏറ്റുമാനൂർ/(വ)മെഴുവേലി/കൊല്ലം(വ)/ധനുവച്ചപുരം.

2. എസ്.എസ്. (എ)

3. സ്റ്റോക്ക് ഫയൽ (എ3).

// ഉത്തരവിൻ പ്രകാരം //

സീനിയർ സൂപ്രണ്ട്.